(സി) തൃത്താല മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകൾക്ക് സ്പോർട്സും യുവജന ക്ഷേമകാര്യവും വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കളിസ്ഥലം നിർമ്മിക്കുവാൻ 1998-99 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്കൂളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

1) സെന്റ് മേരീസ് ഹൈസ്കൂൾ കക്കാടം പൊയിൻ(1,11,600 രൂപ)

2) ഗവണ്മെന്റ് ഹൈസ്കൂൾ, ചോറോട്(71,970 രൂപ)

3) സെന്റ് ജോസഫ്സ് ഹൈസ്കൂൾ കോടഞ്ചേരി (2,50,000 രൂപ)

4) ഗവ: ഹൈസ്കൂൾ കൂട്ടമത്ത്, കാസർഗോഡ് (12,400 രൂപ)

സ്പോർട്സ് കൗൺസിൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന സ്കൂളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

1) അടയ്ക്കാ പുത്തൂർ സ്കൂൾ കമ്മിറ്റി അടയ്ക്കാ പുത്തൂർ പി.ഒ. പാലക്കാട് ജില്ല (40,000 രൂപ)

2) സെന്റ് ജോസഫ് ഹൈസ്കൂൾ, കരിമണ്ണൂർ, ഇടുക്കി ജില്ല. (50,000 രൂപ)

3) സെന്റ് ജോസഫ് ഹൈസ്കൂൾ കുടക്കച്ചിറ കോട്ടയം ജില്ല.(45,500 രൂപ)

(സി) ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. ഉത്തരത്തിലെ തിരുത്ത്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക-സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

[9.30] സർ, 10-പത്താം കേരള നിയമസഭയുടെ സമ്മേളനത്തിൽ 12.7.99-ലെ നക്ഷത്രചിഹ്നമിടാത്ത 2311-ാം നമ്പർ ചോദ്യത്തിന്റെ (ബി) വിഭാഗത്തിൽ നൽകിയിട്ടുള്ള ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.†

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ ചർച്ച അടുത്ത ദിവസം തുടരാം

ഓർഡർ..... ഓർഡർ.....

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 21-ാം തീയതി രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.)

അനുബന്ധം I

(12.7.99 ലെ നക്ഷത്ര ചിഹ്നമിടാത്ത 2311-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം)

(2311) പൈതൽ മലയുടെ ടൂറിസം വികസനം

ശ്രീ. കെ.സി. ജോസഫ് :

(എ) കണ്ണൂർ ജില്ലയിലെ പൈതൽ മലയുടെ ടൂറിസം വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ടൂറിസം ഡിപ്പാർട്ട്മെന്റ് ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പൈതൽ മലയുടെ വികസനം സംബന്ധിച്ച് നിയമസഭാ പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആന്റ് റിസൊല്യൂഷൻസ് കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 1995-ൽ തയ്യാറാക്കിയ ഒരു പദ്ധതി ടൂറിസം വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ബി)&(സി) റോഡ് വികസനം, നടപ്പാത നിർമ്മാണം, ഡോർമിറ്ററി, ടോയിലറ്റ്സ്, റെസ്റ്റോറന്റ്, ജലവിതരണം, വാച്ച്ടവർ, പ്ലാറ്റ്ഫോറം നിർമ്മാണം എന്നീ പദ്ധതികൾക്ക് 21.89 ലക്ഷം രൂപ മതിപ്പു ചെലവുള്ള ഈ പദ്ധതി 1995 ൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി നിർവ്വഹണത്തിന് വേണ്ട സ്ഥലം ലഭ്യമാണോ എന്നും ഒന്നാം ഘട്ടത്തിൽ ഏതൊക്കെ വികസന പരിപാടികളാണ് അത്യാവശ്യമെന്നും കാണിച്ച് ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കണ്ണൂർ ഡി.ടി.പി.സി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly